## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6733

04.04.2018 ൽ മറുപടിക്ക്

### എയ്ഡഡ് കോളേജുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം

**ചോദ്യം**
**ശ്രീ.അടൂർ പ്രകാശ്**

**മറുപടി**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സ്വകാര്യ നോൺ മൈനോറിറ്റി എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് റിസർവേഷൻ നൽകണമെന്ന ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധി ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തിട്ടുണ്ടോ; | (എ) | സ്വകാര്യ എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് റിസർവേഷൻ നൽകണമെന്ന ഹൈക്കോടതി വിധിക്കെതിരെ ഏതാനും മാനേജ്മെന്റുകൾ ഫയൽ ചെയ്ത WA1664/15 ാം നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 21.12.2017 ലെ വിധിന്യായത്തിൽ സംവരണം ഏർപ്പെടുത്തണമെന്നുള്ള 25.5.2015 ലെ ബഹു.ഹൈക്കോടതി വിധി അസ്ഥിരപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിധിക്കെതിരെ അപ്പീൽ നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കുമോ; | (ബി) & (സി) | ബഹു. ഹൈക്കോടതിയുടെ 21.12.2017 ലെ വിധിക്കെതിരെ ബഹു. സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആയതിനുള്ള അനന്തര നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (സി) | സർക്കാർ ഖജനാവിൽ നിന്ന് ശമ്പളം നൽകി നിയമനം നടത്തുന്ന തസ്തികകളിൽ സംവരണം ഉറപ്പുവരുത്തുന്നതിനായി കോടതി വിധിക്കെതിരെ അപ്പീൽ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ